*➪ അവരുടെ മുൻഗണനകൾ മാറിപ്പോകുന്നെങ്കിൽ, എന്തുകൊണ്ട്? ➪*

ഐതിഹാസികമായ പ്ലാച്ചിമട സമരം 11 വർഷം പിന്നിടുന്ന സാഹചര്യത്തിൽ
സമരത്തിൽ കേരളീയം നടത്തുന്ന ഒരു അന്വേഷണമാണ് ഈ ചോദ്യാവലി.
ബഹുമുഖത്വം കൊണ്ട് ആഗോളതലത്തിൽ ശ്രദ്ധേയമായ സമരത്തിന്റെ
പോയ നാളുകളെ പ്ലാച്ചിമടയ്ക്കൊപ്പം നിന്നിരുന്ന
ഐക്യദാർഢ്യ പ്രവർത്തകർ വിലയിരുത്തുന്നു.
കണക്കെടുപ്പായല്ല, വരും നാളുകൾക്കായി സമാഹരിക്കേണ്ടുന്ന
അനുഭവപാഠങ്ങളായി ഇവ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# 11 വർഷം പിന്നിടുന്ന പ്ലാച്ചിമട സമരം

**1.** ഒരു ജനതയുടെ ഭരണഘടനാപരമായ അവകാശങ്ങളെയും നിയമവ്യവസ്ഥയേയും ദുഃസ്വാധീനങ്ങൾ കൊണ്ട് കൊക്കക്കോള മറികടക്കുന്ന സംഭവങ്ങൾ പ്ലാച്ചിമടയിൽ പല കാലങ്ങളിൽ നടന്നിട്ടുണ്ട്. എന്നാൽ പ്ലാച്ചിമടയിലെ ജനകീയ സമരത്തിന്റെ ശക്തിയുടെ ഫലമായി കോർപ്പറേറ്റ് ഭീമന്റെ ഇത്തരം ദുഃസ്വാധീനങ്ങളും അതിന് വശംവദരാകുന്ന അധികാര സ്ഥാപനങ്ങളും എപ്പോഴും പരാജയപ്പെടുന്നതായാണ് അനുഭവങ്ങൾ. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണലിൽ ബിൽ യാഥാർത്ഥ്യമാകാതെ പോകുന്നതിന് വേണ്ടിയും അതേ ദുഃസ്വാധീനങ്ങൾ കൊക്കക്കോള തുടരുകയാണ്. മുൻകാലങ്ങളിലേതുപോലെ സമരം ശക്തമല്ലാത്തതിനാൽ കൊക്കക്കോളയുടെ സ്വാധീനശേഷിക്ക് ഇപ്പോൾ വിജയം കാണാൻ കഴിയുന്നുണ്ടെന്നാണോ ട്രിബ്യൂണൽ യാഥാർത്ഥ്യമാകാൻ വൈകുന്നതിൽ നിന്നും താങ്കൾ മനസ്സിലാക്കുന്നത്?

**2.** തദ്ദേശീയ ജനതയുടെയും പൊതുസമൂഹത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും വിപുലമായ പിന്തുണ നേടാൻ കഴിഞ്ഞിട്ടും, കൊക്കക്കോള ഫാക്ടറി അടച്ചുപൂട്ടേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടും സമരം എന്തുകൊണ്ടാണ് ഇപ്പോൾ ദുർബലമായി തുടരുന്നത്? സമരം സൃഷ്ടിച്ച പരിക്കുകളെ മറികടന്ന്, നഷ്ടപ്പെട്ടുപോയ വിപണിയും പൊതുസ്വീകാര്യതയും അധികാരസ്വാധീനങ്ങളും പുനഃസ്ഥാപിക്കാൻ സമരത്തിന്റെ ദുർബലത കൊക്കക്കോളയ്ക്ക് അവസരമൊരുക്കിയില്ലേ? വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി. ബാലകൃഷ്ണൻ കൊക്കക്കോളയ്ക്ക് അനുകൂലമായി സംസാരിച്ചത് മുതൽ കൊക്കക്കോളയ്ക്ക് നികുതി ഇളവ് അനുവദിച്ച സമീപകാല സംഭവം വരെ പ്ലാച്ചിമട സമരത്തിന്റെ ദുർബലതയുടെ പ്രതിഫലനങ്ങൾ കൂടിയല്ലേ?

**3.** തദ്ദേശീയ ജനതയുടെ സമരത്തിന്റെ പങ്കാളിത്തം കുറഞ്ഞിട്ടുണ്ടോ? കൊക്കക്കോള ഫാക്ടറി അടച്ചുപൂട്ടിയ ശേഷം, മറ്റ് ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള സമരം നിലനിർത്താൻ പ്ലാച്ചിമട നിവാസികൾക്ക് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി താങ്കൾ നിരീക്ഷിച്ചിട്ടുണ്ടോ? അവരുടെ മുൻഗണനകൾ മാറിപ്പോകുന്നെങ്കിൽ, എന്തുകൊണ്ട്? സാമൂഹികമായ പിന്നോക്കാവസ്ഥകളെ മറികടന്ന്, ഭരണകൂടത്തിന്റെയും കോർപ്പറേറ്റ് ഭീമന്റെയും ബലതന്ത്രങ്ങളെ പരാജയപ്പെടുത്താനുള്ള ശാക്തിക പിന്തുണ അവർക്ക് നൽകാൻ ഐക്യദാർഢ്യ സമിതിക്കും പ്രവർത്തകർക്കും കഴിയുന്നുണ്ടോ?

**4.** ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്നും അത് സ്വകാര്യവത്കരിക്കാനോ കൊള്ളയടിക്കാനോ അനുവദിക്കില്ലെന്നും മുദ്രാവാക്യം മുഴക്കുകയും നിങ്ങളുടെ ദുര ശമിപ്പിക്കാൻ ഞങ്ങളുടെ ആരോഗ്യം നശിപ്പിക്കാൻ അനുവദിക്കില്ലെന്ന് പറഞ്ഞ് കൊക്കക്കോളയെ പുറത്താക്കുകയും



ചെയ്ത പ്ലാച്ചിമടയിലെ തദ്ദേശീയ ജനതയെ എത്രത്തോളം ശാക്തീകരിക്കാൻ സമരത്തിന് കഴിഞ്ഞിട്ടുണ്ട്?

**5.** പ്ലാച്ചിമട സമരം ഉന്നയിച്ച ആവശ്യങ്ങൾ ലക്ഷ്യം നേടണമെങ്കിൽ തദ്ദേശീയ ജനതയ്ക്ക് എന്തെല്ലാമാണ് ഇനി ചെയ്യാൻ കഴിയുന്നത്? സഹനസമരത്തിലൂടെ, രാഷ്ട്രീയമായി ചെയ്യാൻ കഴിയുന്നതെല്ലാം അവർ ഈ 11 വർഷത്തിനിടയിൽ ചെയ്തുകഴിഞ്ഞോ?

**6.** സമരം ലക്ഷ്യം നേടാതെ തുടരുന്നതിന്റെ അനിശ്ചിതത്വം പ്രവർത്തകരെ ബാധിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എങ്ങനെ പരിഹരിക്കാം? ഘടനാപരമായ മാറ്റങ്ങൾ ആവശ്യപ്പെടുന്ന നീണ്ടുനിൽക്കുന്ന സമരങ്ങൾ നടത്താൻ ജനകീയ സമരങ്ങൾ എത്രത്തോളം പ്രാപ്തമാണെന്നാണ് പ്ലാച്ചിമട അനുഭവങ്ങൾ പറയുന്നത്?

**7.** കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടെ പിന്തുണയോടെ നിയമസഭയിൽ പാസാക്കാൻ കഴിഞ്ഞിട്ടും ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നതിന് ഈ രാഷ്ട്രീയ പാർട്ടികളെ ബാധ്യസ്ഥരാക്കാൻ തുടർന്ന് പ്ലാച്ചിമട സമരത്തിന് കഴിയാതെ പോയിട്ടുണ്ടോ? ചില രാഷ്ട്രീയ പ്രവർത്തകരൊഴിച്ച് രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാത്തത് എന്തുകൊണ്ടാണ്?

**8.** പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇനിയും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്? രാഷ്ട്രീയ സംവിധാനങ്ങൾ മൂലധന ശക്തികൾക്ക് കീഴ്പ്പെടുന്ന കാഴ്ച മിക്ക മേഖലകളിലും ദൃശ്യമാകുന്ന സമകാലിക സാഹചര്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിനായി നടത്താൻ കഴിയുന്നത്?

**9.** സമരം 11 വർഷം പിന്നിടുന്ന സാഹചര്യത്തിൽ പോയ കാല സമരപ്രവർത്തനങ്ങളെ എങ്ങനെയാണ് താങ്കൾ വിലയിരുത്തുന്നത്? പ്ലാച്ചിമടയ്ക്ക് നീതി ലഭ്യമാക്കുന്നതിന് ജനകീയ സമരത്തിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്? സമരത്തിന്റെ ശക്തിയേയും ദൗർബല്യങ്ങളേയും തിരിച്ചറിഞ്ഞ് മുന്നോട്ടുപോകാൻ സമരപ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ടോ? വ്യക്തമായ ലക്ഷ്യങ്ങളും അവ നേടിയെടുക്കാൻ അനുയോജ്യമായ സമരപരിപാടികളുമില്ലാതെയാണോ സമരം മുന്നോട്ട് പോകുന്നത്?

**10.** പ്ലാച്ചിമട അനുഭവത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തിയാൽ, തദ്ദേശീയ വിഭവങ്ങളുടെ പരിരക്ഷണത്തിനുള്ള അധികാരം പ്രാദേശിക ജനതയ്ക്ക് നൽകുന്ന തരത്തിൽ അധികാര വികേന്ദ്രീകരണ തത്വങ്ങളെ പരിഷ്കരിക്കാൻ ഈ ജനകീയ സമരത്തിന് കഴിഞ്ഞിട്ടുണ്ടോ? പഞ്ചായത്തിന് ലൈസൻസ് നൽകാനുള്ള അധികാരമുണ്ടെങ്കിലും ജലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട നിയമങ്ങൾ പഞ്ചായത്തീരാജ് ആക്ടിൽ പുനഃർനിർവ്വചിക്കാനും പ്ലാച്ചിമട സമരത്തിന് കഴിയേണ്ടതല്ലേ? പ്ലാച്ചിമടയ്ക്ക് ശേഷം ഉയർന്നുവന്ന പല ജനകീയ സമരങ്ങളും വിഭവത്തിന്റെ അധികാരത്തിന് വേണ്ടിയുള്ള പോരാട്ടങ്ങൾ തുടരുന്ന സാഹചര്യത്തിൽ പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കുക എന്നതുകൂടിയല്ലേ പ്ലാച്ചിമട സമരത്തിന്റെ വിജയമായി പരിഗണിക്കേണ്ടത്?